ഭരണഭാഷാ മാതൃഭാഷ

നമ്പർ: എഎച്ച്ഡി./676/2025-എഫ്3

മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്
വികാസ് ഭവൻ,തിരുവനന്തപുരം -33
ഫോൺ : 0471 -2302283
ഇമെയിൽ : directorah.ker@nic.in
തീയതി :31-01-2025

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ

എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും
വകുപ്പുതല ഓഫീസർമാർക്കും.

സർ,

വിഷയം:- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് -അക്കൗണ്ട്സ്- മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അർഹത-പുതുക്കിയ പൊതുമാനദണ്ഡവും പലിശരഹിത ചികിത്സാ വായ്പയുടെ ഏകീകരിച്ച എക്സ്പെൻഡിച്ചർ സർട്ടിഫിക്കറ്റും- സംബന്ധിച്ച്

സൂചന:- 1. സ.ഉ.(അച്ചടി.) നം.100/2024/ധന. തീയതി. 22/11/2024

2. സ.ഉ.(അച്ചടി.) നം.109/2024/ധന. തീയതി. 24/12/2024

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. സർക്കാർ ജീവനക്കാർക്ക് ലഭ്യമായിരുന്ന മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യം, മെഡിസെപ്പ് ആരോഗ്യ ഇൻഷുറൻസ് നിലവിൽ വന്ന സാഹചര്യത്തിൽ തുടർന്നും നിയന്ത്രണങ്ങളോടെ അനുവദിക്കുന്നതിന് പൊതുമാനദണ്ഡം നിശ്ചയിച്ചുകൊണ്ട് സൂചന 1 പ്രകാരവും, സൂചന 1 ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദിക്കുന്ന പലിശരഹിത ചികിത്സാ വായ്പയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട എക്സ്പെൻഡിച്ചർ സർട്ടിഫിക്കറ്റിന്റെ മാതൃക അംഗീകരിച്ചുകൊണ്ട് സൂചന 2 പ്രകാരവും സരക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, സൂചന 1 & 2 ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി മാത്രം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ, പലിശരഹിത ചികിത്സാ വായ്പ അപേക്ഷ എന്നിവ പരിഗണിക്കേണ്ടതാണെന്ന് അറിയിക്കുന്നു. കൂടാതെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, പലിശരഹിത ചികിത്സാ വായ്പ എന്നിവ പരിഗണിക്കുന്നതിന് നിലവിലുണ്ടായിരുന്ന എല്ലാ നിബന്ധനകളും നിലനിൽക്കുന്നതാണ്. സൂചന 1 & 2 ഉത്തരവുകളുടെ പകർപ്പുകൾ അയക്കുന്നു. ആയത് താങ്കളുടെ നിയന്ത്രണത്തിലുള്ള എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്

വിശ്വസ്തതയോടെ,

ACCOUNTS OFFICER
ഡയറക്ടർക്കുവേണ്ടി.

Signed by
Santhosh Narayanan
Date: 31-01-2025 14:27:38

പകർപ്പ്

1. ഐ.റ്റി. ഓഫീസർ, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
2. ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (എഎച്ച്) , അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) സീനിയര് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, ജോയിന്റ് ഡയറക്ടർ (എൽ.പി. ) , ജോയിന്റ് ഡയറക്ടർ (പി) , ജോയിന്റ് ഡയറക്ടർ (സ്റ്റാറ്റ്) എന്നിവരുടെ സി.എ.മാർക്ക്.- അറിവിലേയ്ക്കായി.
3. ഡയറക്ടറേറ്റിലെ എല്ലാ ഓഫീസർമാർക്കും സെക്ഷൻ സൂപ്രണ്ടുമാർക്കും- അവരവരുടെ നിയന്ത്രണത്തിലുള്ള ജീവക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി.
4. കരുതൽ ഫയൽ-എഫ്3

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

1960-ലെ കെ.ജി.എസ്.എം.എ ചട്ടങ്ങൾ പ്രകാരം സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ലഭ്യമായിരുന്ന ചികിത്സാ ആനുകൂല്യങ്ങൾ മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്ന സാഹചര്യത്തിൽ തുടർന്നും നിയന്ത്രണങ്ങളോടെ അനുവദിക്കുന്നതിന് പൊതുമാനദണ്ഡം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**ധനകാര്യ (ലോൺസ്) വകുപ്പ്**

**സ.ഉ.(അച്ചടി)നം.100/2024/ധന** **തിരുവനന്തപുരം, 22-11-2024**

പരാമർശം:- സ.ഉ.(അച്ചടി)നം.70/2022/ധന, തീയതി 23.06.2022

**ഉത്തരവ്**

സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും മെഡിസെപ്പ് എന്ന പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, പരാമർശത്തിലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള സാഹചര്യത്തിൽ, 1960-ലെ കെ.ജി.എസ്.എം.എ. (The Kerala Government Servants' Medical Attendance Rules,1960) ചട്ടങ്ങൾ പ്രകാരം സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ലഭ്യമായിരുന്ന ചികിത്സാ ആനുകൂല്യങ്ങളിൽ മെഡിസെപ്പ് പ്രാബല്യ തീയതി **(01.07.2022)** മുതൽ ഉചിതമായി തുടരേണ്ട ആനുകൂല്യങ്ങൾ തുടർന്നും അനുവദിക്കുന്നതിന് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ നിശ്ചയിച്ച് പൊതുമാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നു.

i) പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ആശുപത്രികളിൽ (Govt. Hospitals and Super Specialty Hospitals in Govt. sector in the State) മാത്രമായി 1960-ലെ കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരമുള്ള ഒ.പി. ചികിത്സ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിന് തുടർച്ചയായി, കെ.ജി.എസ്.എം.എ ചട്ടങ്ങൾ പ്രകാരം എംപാനൽ ചെയ്തിട്ടുള്ള സർക്കാരേതര ആശുപത്രികളിലെ ഒ.പി. ചികിത്സയ്ക്കും ഈ ആനുകൂല്യം അനുവദിച്ച് നൽകാവുന്നതാണ്.

ii) മെഡിസെപ്പിന്റെ പരിധിയിൽപ്പെടാത്ത, ആയുർവേദം, ഹോമിയോപ്പതി തുടങ്ങിയ ചികിത്സാ സമ്പ്രദായങ്ങളിലെ ചികിത്സകൾക്ക് കെ.ജി.എസ്.എം.എ ചട്ടങ്ങൾ പ്രകാരം അനുവദനീയമായ ചികിത്സാ ആനുകൂല്യം മെഡിസെപ്പ് നിലവിൽ വന്നതിനുശേഷവും നിലവിലുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തുടർന്നും അനുവദിക്കുന്നതാണ്.

iii) സർക്കാർ ആശുപത്രികളിലും കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം എംപാനൽ ചെയ്തിട്ടുള്ള സർക്കാരേതര ആശുപത്രികളിലും കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം അനുവദനീയമായതും എന്നാൽ മെഡിസെപ്പിലെ ചികിത്സാ പാക്കേജുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ കിടത്തി ചികിത്സകൾക്ക് കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രാകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ (ചികിത്സാ ചെലവിന്റെ പ്രതിപൂരണവും പലിശരഹിത ചികിത്സാ അഡ്വാൻസും) മെഡിസെപ്പ് നിലവിൽ വന്നതിനുശേഷവും തുടർന്നും അനുവദിക്കുന്നതാണ്.

iv) കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം എംപാനൽ ചെയ്തിട്ടുള്ളതും എന്നാൽ മെഡിസെപ്പിൽ ചേർന്നിട്ടില്ലാത്തതുമായ ആശുപത്രികളിൽ ഈ ഉത്തരവ് തീയതിയ്ക്ക് മുൻപ് വരെ നടത്തിയ, കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം അനുവദനീയമായ കിടത്തി ചികിത്സകളുടെ ചെലവ് കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം പ്രതിപൂരണം ചെയ്തു നൽകാവുന്നതാണ്. കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം എംപാനൽ ചെയ്തിട്ടുള്ള സംസ്ഥാനത്തിന് പുറത്തെ ആശുപത്രികളിലെ ചികിത്സകൾക്കും ഈ ആനുകൂല്യം അനുവദനീയമാണ്. ഈ ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആനുകൂല്യം ഈ ഉത്തരവ് തീയതി മുതൽ ചുവടെ ഖണ്ഡിക എട്ടിന് വിധേയമായി പരിമിതപ്പെടുത്തുന്നു.

v) ജീവനക്കാരന്റെ മെഡിസെപ്പിലെ പ്രതിവർഷ ഇൻഷുറൻസ് പരിരക്ഷാ പരിധി അധികരിച്ച കാരണത്താൽ മെഡിസെപ്പിൽ നിന്നും ചികിത്സാ ആനുകൂല്യം ലഭ്യമാകാത്ത സാഹചര്യത്തിൽ കെ.ജി.എസ്.എം.എ ചട്ടങ്ങൾ പ്രകാരം എംപാനൽ ചെയ്തട്ടുള്ളതോ മെഡിസെപ്പിൽ ഉൾപ്പെട്ടിട്ടുള്ളതോ ആയ സർക്കാർ – സർക്കാരേതര ആശുപത്രികളിൽ നടത്തിയ ചികിത്സകളുടെ ചെലവ് പ്രസ്തുത വസ്തുത വ്യക്തമാക്കിയിട്ടുള്ള മെഡിസെപ്പിൽ നിന്നുള്ള രേഖകളുടെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം പ്രതിപൂരണം ചെയ്തു നൽകാവുന്നതാണ്.

vi) ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ ചികിത്സകൾക്ക്, ടി ആശുപത്രി മെഡിസെപ്പിൽ എംപാനൽ ചെയ്യുന്നത് വരെ, കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണവും പലിശരഹിത ചികിത്സാ അഡ്വാൻസും അനുവദിക്കുന്നത് തുടരുന്നതാണ്.

vii) ഒരു ചികിത്സയ്ക്ക് ഒരേ സമയം മെഡിസെപ് ഇൻഷുറൻസ് പരിരക്ഷയും കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണവും പലിശരഹിത ചികിത്സാ അഡ്വാൻസ് ആനുകൂല്യവും അനുവദനീയമല്ല.

Viii) കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം അംഗീകരിക്കപ്പെട്ടതും എന്നാൽ മെഡിസെപ്പിൽ ചേർന്നിട്ടില്ലാത്തതുമായ ആശുപത്രികളിൽ ഈ ഉത്തരവ് തീയതി മുതൽ നടത്തുന്ന ഗുരുതരരോഗ ചികിത്സകളുടെ ((Liver transplantation, Bone marrow transplantation/Stem cell transplantation (related), Bone marrow Transplantation /stem cell transplantation (unrelated / Haploidentical), Cochlear implantation, renal implantation, Knee Joint Replacement , Total Hip replacement , Auditory brain Stem implant, isolated Heart /isolated lung implant, Hear lung transplant/Double lung transplant, cardiac resynchronization therapy(CRT with defibrilliator), ICD-Dual Chamber) ചികിത്സാ ചെലവിന്റെ പ്രതിപൂരണവും പലിശരഹിത ചികിത്സാ അഡ്വാൻസും അനുവദിക്കുന്നതിന്റെ അർഹത സംബന്ധിച്ച് ധനകാര്യ വകുപ്പ് കേസ് അടിസ്ഥാനത്തിൽ പരിശോധിച്ച് പ്രത്യേകമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.എം ജാഫർ**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

**പകർപ്പ്:-**

അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും.
സെക്രട്ടറിയേറ്റിലെ വിവിധ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം

ബഹു. ഗവർണറുടെ സെക്രട്ടറിയ്ക്ക്
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.
രജിസ്ട്രാർ, ബഹു. കേരള ഹൈക്കോടതി, എറണാകുളം
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും( ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യം (www.finance.kerala.gov.in)
കരുതൽ കോപ്പി / ഓഫീസ് കോപ്പി**( E-2635842/Loans-L3/204/2023-FIN)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - കെ.ജി.എസ്.എം.എ. റൂൾസ് - 1960 - പലിശ രഹിത ചികിത്സാ വായ്പ അനുവദിക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട നിശ്ചിത മാതൃകയിലുള്ള **Expenditure Certificate** അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**ധനകാര്യ (ലോൺസ്) വകുപ്പ്**

**സ.ഉ(അച്ചടി)നം. 109/2024/ധന** **തിരുവനന്തപുരം, തീയതി 24.12.2024**

പരാമർശം:- 1. കെ.ജി.എസ്.എം.എ. റൂൾസ് - 1960

2. സ.ഉ.(അച്ചടി)നം.100/2024/ധന, തീയതി 22.11.2024

## <u>ഉത്തരവ്</u>

1960 - ലെ കെ.ജി.എസ്.എം.എ ചട്ടങ്ങൾ പ്രകാരം സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ലഭ്യമായിരുന്ന ചികിത്സാ ആനുകൂല്യങ്ങൾ മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്ന സാഹചര്യത്തിൽ തുടർന്നും നിയന്ത്രണങ്ങളോടെ അനുവദിക്കുന്നതിന് പൊതുമാനദണ്ഡം നിശ്ചയിച്ച് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ആശുപത്രികളിൽ നിന്ന് ലഭ്യമാക്കുന്ന Expenditure Certificate കൂടെ പരിശോധിച്ചാണ് പലിശ രഹിത ചികിത്സാ വായ്പ അപേക്ഷകൾ പരിഗണിക്കുന്നത്. ഒരു നിശ്ചിത മാതൃകയിൽ അല്ല നിലവിൽ വിവിധ ആശുപത്രികളിൽ നിന്ന് Expenditure Certificate ലഭ്യമാക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.ജി.എസ്.എം.എ. റൂൾസ് - 1960 പ്രകാരം പലിശ രഹിത ചികിത്സാ വായ്പ അനുവദിക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ഇതോടൊപ്പം ചേർത്തിട്ടുള്ള നിശ്ചിത മാതൃകയിലുള്ള Expenditure Certificate അംഗീകരിച്ച് ഉത്തരവാകുന്നു.

## EXPENDITURE CERTIFICATE
## (To be produced with the application for IFMA)

| | | |
|---|---|---|
| 1 | Name of Patient | |
| 2 | Address | |
| 3 | Age | |
| 4 | CR No./ Hospital Case No. | |
| 5 | MEDISEP ID | |
| 6 | Date of Registration | |
| 7 | Diagnosis Summary | |
| 8 | Suggested Treatment Plan | |
| 9 | Approximate time period for the treatment. | |
| 10 | Approximate expenditure for the treatment with detail (Surgery, Chemotherapy, Supportive Care, etc.) | |
| 11 | Whether the suggested treatment is available under the MEDISEP Scheme | |
| 11.a | If yes, what is the admissible coverage amount as per the MEDISEP package rate. | |
| 11.b | The Maximum amount of cashless treatment that can be provided by the Hospital / Institution under the MEDISEP Scheme ( Specify the number of times the treatment under MEDISEP package can be repeated) | |
| 11.c | Balance amount if any needed to be provided beyond MEDISEP package and the reason for the same in detail | |

Dated :

(Office Seal)

Signature :

Name &
Designation of the Medical Officer :

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.എം.ജാഫർ**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും.
സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം
ബഹു. ഗവർണറുടെ സെക്രട്ടറിയ്ക്ക്
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.
രജിസ്ട്രാർ, ബഹു. കേരള ഹൈക്കോടതി, എറണാകുളം
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും( ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യം (www.finance.kerala.gov.in)
കരുതൽ കോപ്പി / ആഫീസ് കോപ്പി.**(E-2574696 / Loans-L3/185/2023-FIN)**

ഉത്തരവിൻ പ്രകാരം

Omana

സെക്ഷൻ ഓഫീസർ